**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2453** **21-01-2021 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖലയിലെ സഹകരണ സംഘങ്ങളുടെ പുനസംഘാടനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . കെ. യു. അരുണൻ | | **Shri E. P. Jayarajan**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി)** | |
| (എ) | കൈത്തറി മേഖലയിലെ സഹകരണ സംഘങ്ങളുടെ പുനസംഘാടനത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പരിപാടികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വിവിധങ്ങളായ പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കി. തറികൾ അറ്റകുറ്റപണി ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിനും സഹകരണ സംഘങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ (ഡൈഹൗസ്, വർക്ക്ഷെഡ് എന്നിവ നവീകരിക്കുന്നതുൾപ്പെടെ) മെച്ചപ്പെടുത്തുന്നതിനും പദ്ധതി തുക വിനിയോഗിച്ചു. ഈ സർക്കാർ നടപ്പിലാക്കിയ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി അസംസ്കൃതവസ്തുക്കളായ നൂലും, നെയ്ത്തുകാരുടെ കൂലിയും യഥാസമയം പദ്ധതിയുടെ ഭാഗമായി നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതോടൊപ്പം പ്രാഥമിക നെയ്ത്ത് സഹകരണ സംഘങ്ങൾക്കും അർഹമായ സാമ്പത്തിക സഹായം ലഭ്യമാക്കി വരുന്നു. ഡിസൈനിംഗ്, ബ്രാന്റിംഗ് വിപണനം എന്നിവയിൽ ഐ.ഐ.എച്ച്.റ്റി, നിഫ്റ്റ് മുതലായ സ്ഥാപനങ്ങളുടെ സഹായസഹകരണം ഉറപ്പ് വരുത്തുകയും, ഒരു വീട്ടിൽ ഒരു തറി, യുവവീവ് പദ്ധതി, കൈത്തറിസുരക്ഷ പദ്ധതി എന്നിവ നടപ്പിലാക്കിയതിലൂടെയും കൈത്തറി സഹകരണ സംഘങ്ങൾക്ക് കൂടുതൽ പ്രവർത്തന സാധ്യതകൾ ഒരുക്കുകയും ചെയ്തു. കൂടാതെ കൈത്തറി സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി പങ്കാളിത്തം, ഗുണമേന്മയുള്ള അസംസ്കൃത സാധനങ്ങൾക്കുള്ള സബ്സിഡി, മാർജിൻമണി, സംഘങ്ങളുടെ ആധുനികവൽക്കരണത്തിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനുള്ള പദ്ധതി, വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി തുടങ്ങി വിവിധങ്ങളായ പദ്ധതി നടപ്പിലാക്കിവരുന്നു. |
| (ബി) | കൈത്തറി മേഖലയിൽ വിവിധ പദ്ധതികളിലായി എത്ര തൊഴിലാളികൾക്കാണ് പുതുതായി ജോലി | (ബി) | സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി, യുവവീവ്, ഒരു വീട്ടിൽ ഒരു തറി മുതലായ പദ്ധതികൾ നടപ്പിലാക്കുക വഴി ഏകദേശം 10,000 പേർക്ക് കൈത്തറി |

| | | | |
|---|---|---|---|
| | നൽകാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുള്ളത്; വ്യക്തമാക്കുമോ; | | മേഖലയിൽ പുതുതായി തൊഴിലവസരമുണ്ടാക്കുവാൻ സാധിച്ചു. |
| (സി) | പ്രസ്തുത തൊഴിലാളികൾക്ക് വേതനം ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | സൗജന്യ കൈത്തറി യൂണിഫോം പദ്ധതി നടപ്പിലാക്കുക വഴി കൈത്തറിമേഖലയിൽ ഉണ്ടായ ഉണർവ്വ് നെയ്ത്ത് തൊഴിലാളികളുടെ കൂലിയിൽ ഗണ്യമായ വർദ്ധനവും തൊഴിൽ സ്ഥിരതയും ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ഉത്പാദനപ്രോത്സാഹന പദ്ധതിയിലൂടെയും ഇൻകം സപ്പോർട്ട് സ്കീമുകളിലൂടെയും നെയ്ത്തു തൊഴിലാളികൾക്ക് ന്യായമായ വേതനം ഉറപ്പ് വരുത്താനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ